LIBRARY ARCHIVES Kerala Legislative Assembly

ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ

285 (1710) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ദേശത്ത്, വാച്ചാലയ്ക്കൽ വീട്ടിൽ ശ്രീ. ആന്റണി ജോർജിന്റെ അപേക്ഷ പരിഗണിച്ച്, ഹീമോഫീലിയ രോഗികൾക്കുള്ള പെൻഷൻ പ്രസ്തുത വ്യക്തിയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പ്രതിമാസം 1000 രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന അനുവദിച്ചുവരുന്നു.

(ബി) ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായത്തിനായി ശ്രീ. ആന്റണി ജോർജിന്റെ അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

286 (1711) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നഗരപ്രദേശങ്ങൾക്കായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) എത്ര കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് നടപ്പ് വർഷത്തിൽ തൊഴിൽ ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?